എരുമമുണ്ട നിർമ്മല ഹൈസ്കൂൾ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

രൂപം കൊടുക്കുന്ന

സർഗ്ഗവാസനകളുടെ

നിറക്കൂട്ട്

എവർക്കും സമർപ്പിക്കുന്നു

# TECH PULSE




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

Nirmala HSS
Erumamunda
Malapppuram
679334

Digital Magazine from Little kite unit 2019-20

little KITEs
2019-20

# ആമുഖം

പ്രിയപ്പെട്ട കൂട്ടുകാരേ,

ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ വേണ്ടിയാണ് ഞങ്ങൾ നിങ്ങളുടെ സൃഷ്ടികൾ സ്വീകരിച്ചത്. വിദ്യാർത്ഥികളുടെ കലാ സാഹിത്യ രംഗത്തെ സൃഷ്ടികൾ മാത്രം ഉൾക്കൊള്ളിച്ചാണ് ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ കലാ സാഹിത്യ രംഗത്തെ മികവ് തെളിയിക്കാനും ഇതിലൂടെ സാധിക്കുന്നു. നിങ്ങൾക്ക് ഏറെ പ്രിയമുള്ള കൊച്ചു കൊച്ചു കഥകൾ, കവിതകൾ, ഉപന്യാസം, പ്രസംഗം, ചിത്രങ്ങൾ, കുറിപ്പുകൾ, നോട്ടീസ് തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.നിങ്ങൾ ക്കേവർക്കും ഇത് ഇഷ്ടമാകും എന്ന വിശ്വാസത്തോടെ,

ചീഫ് എഡിറ്റർ

ശ്രീക്കുട്ടി

# ഗുരുവചസ്



നിർമ്മല ഹൈസ്കൂളിലെ ഐ.ടി. പരിജ്ഞാന ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ഐ.ടി. ആണ് താരം. ഐ.ടി. വിപ്ലവത്തിന്റെ ആധാരശില കമ്പ്യൂട്ടറുകളാണ്. കണക്കുകൂട്ടുക എന്നർത്ഥമുള്ള കമ്പ്യൂട്ട് എന്ന വാക്കിൽ നിന്നാണ് ലോകത്ത് കമ്പ്യൂട്ടർ എന്ന പദം ഉണ്ടായത്. 5000 വർഷം മുമ്പ് ഗ്രീക്കുകാർ കണക്കുകൂട്ടുന്നതിന് ഉപയോഗിച്ച അബാക്കസ് ആണ് കമ്പ്യൂട്ടറിന്റെ പൂർവികൻ.

അക്ഷയ പോലുള്ള ജനകീയ പദ്ധതികളിലൂടെ സർക്കാർ കമ്പ്യൂട്ടർ പരിജ്ഞാനംപ്രോത്സാഹിപ്പിക്കുന്നു.വിദ്യാഭ്യാസം,ആരോഗ്യം,വാർത്താവിനിമയം,വാണിജ്യം തുടങ്ങിയ സർവ്വ മേഖലകളിലും ഐ.ടി. യുടെ സ്വാധീനം വലുതാണ്. റോബോട്ടിക് ടെക്നോളജിയിലൂടെ മനുഷ്യന് കടന്നുചെല്ലാൻ സാധിക്കാത്ത മേഖലകളിലും അതിനേക്കാൾ മികവിലും കൃത്യതയിലും വേഗത്തിലും റോബോട്ടുകൾ പ്രവർത്തിക്കുന്നു. മത്സരാധിഷ്ഠിതമായ ലോകത്തിൽ നല്ല കമ്പ്യൂട്ടർ പരിജ്ഞാനമുള്ള കുട്ടികളായി വളരുന്നതിന് നിർമ്മലയുടെ മക്കളായ കുട്ടികൾക്ക് കൈറ്റ്സിലൂടെ കഴിയട്ടെയെന്നാശംസിക്കുന്നു.

ഫാ. റോയി വലിയപറമ്പിൽ

ലോക്കൽമാനേജർ

## ആശംസ



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തനം പ്രശംസനീയമാം വിധം മുന്നേറുന്നതിൽ അഭിമാനമുണ്ട്. ഡിജിറ്റൽ യുഗം അറിവുകൾ വളരെ പെട്ടെന്ന് ഗ്രഹിക്കത്തക്കവിധം വളർന്നുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ മാഗസിന്റെ പ്രാധാന്യം വളരെ പ്രസക്തമാണ്. ഈ കലാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ സന്തോഷിക്കുന്നു. യൂണിറ്റ് അംഗങ്ങളെയും നേതൃത്വം നൽകുന്ന പ്രിയപ്പെട്ട നോമി ടീച്ചറെയും പോൾസൺ അച്ഛനെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ മാഗസിൻ വായിക്കുന്ന എല്ലാവർക്കും മാനസികോല്ലാസവും അതിലുപരി ധാരാളം അറിവുകൾ ലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

വി. കെ. തോമസ്
ഹെഡ്മാസ്റ്റർ

## ആശംസ



പ്രിയ കൂട്ടുകാരെ,

എരുമമുണ്ട നിർമ്മല ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിറക്കൂട്ട് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വികാസം ഐ.ടി. സാങ്കേതികവിദ്യയുടെ സഹായത്തോടെ വളർത്തിയെടുക്കുവാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉദ്യമങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. നിറക്കൂട്ട് ഒരു വൻവിജയമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

ഫിലിപ്പ് നൈനാൻ
സ്റ്റാഫ് സെക്രട്ടറി

# ആശംസ



നിർമ്മലേ ലിറ്റിൽ കൈറ്റ്സ് ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു വിദ്യാർത്ഥികളുടെ സർഗ്ഗാത്മക വളർത്താൻ ഈ മാഗസിൻ പ്രേരണ ആവട്ടെ.

അക്ഷരങ്ങളും വാക്കുകളും വാർത്തകളും ഒരുമിച്ച് കൂട്ടി വെച്ച് നടക്കുന്ന കൂടെ സ്വപ്നങ്ങൾക്ക് നിറം പകരാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഈ ഉദ്യമത്തിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു.

പ്രവർത്തനങ്ങൾക്കുള്ള എല്ലാവിധ ആശംസകളും ഹൃദ്യമായി നേരുന്നു.


കൈറ്റ്സിന്റെ വളർച്ചയിലെ നാഴികകല്ലാവട്ടെ ഈ നിറക്കൂട്ട് .സ്കൂളിന്റെ നന്മയ്ക്കായി ഒരുമിക്കാൻ സാധിക്കട്ടെ.

ജുമാന ടി. തയ്യൽ
സീനിയർ അസിസ്റ്റന്റ്

# വിദ്യാലയം

അക്ഷരടചെപ്പുകൾ തുറക്കുന്നതും
വിദ്യാർത്ഥിസൗഹൃദം പുലർത്തുന്നതും
അധ്യാപകമാതൃക ദൃശ്യമാകുന്നതും
മാതാപിതാ ഗുരു ദൈവം എന്ന
വാചകം സത്യമാകുന്നതും
ഇവിടെ നിന്നാണ് വിദ്യാലയം.
അറിവിൻ വെളിച്ചമാക്കും വിദ്യാലയം
കൂട്ടായ്മ നിറവേറും വിദ്യാലയം
സന്ദ്രസൗഹൃദ സമ്പന്ധം പുലർത്തും
താരങ്ങൾക്കിടയിൽ സൂര്യനായ്
മിന്നിനിൽക്കും വിദ്യാലയം.

നിഖില എം . ജി
9 E


59
TREE IS A BOON
Namitha T.S.
IX.B

# നറുമൊഴി

നൻമൊഴി നറുമൊഴി മലയാളം!
നമ്മുടെ തായമൊഴി മലയാളം!
കേരളനാട്ടിലെ മാളോരുടെ മൊഴി
കേളിയെഴും പ്രിയമലയാളം!

ആ മൊഴിയിൽ കിളിമകൾ പാടുന്നു
ആ മൊഴിയിൽ പൂവുണരുന്നു.
പുലരികളിൽ "തുയിലുണരു"! പാടി
തുടികൊട്ടും മൊഴി മലയാളം!

ആ മൊഴിയമ്മിഞ്ഞപ്പാലൊപ്പം
നാം നുകരും മൊഴി മലയാളം!
അറിവിന്നരിയ വെളിച്ചം കരളിൽ
ചൊരിയും തിരുമൊഴി മലയാളം!

ആ മൊഴിയുള്ളിലെയൻപിൻ തേൻമൊഴി!
പൂമഴയുതിരും സ്നേഹമൊഴി!
കവിഭാവനയും സമഭാവനയും
കതിരുതിരും മൊഴി മലയാളം !

നൻമൊഴി നറുമൊഴി മലയാളം!
നമ്മുടെ തായ്മൊഴി മലയാളം!
നേരുരചെയ്യാൻ, കിനാവ് കാണാൻ
നേർമൊഴി നമുക്ക് മലയാളം!

ആൻസി

8B

# അഹങ്കാരം

പുഞ്ചപ്പാടത്ത് കൊയ്ത്ത് കഴിഞ്ഞു. കൊയ്ത്തു കഴിഞ്ഞ പാടം നിറയെ വെള്ള കൊക്കുകൾ പറന്നെത്തി. കൊക്കുകൾ പാടത്ത് കൂട്ടത്തോടെ നെന്മണികൾ കൊത്തിപ്പെറുക്കുന്നത് പാടവരമ്പത്തെ ചക്കരമാവിലിരുന്ന് കുറുമ്പി കാക്ക കണ്ടു. അവൾക്ക് നല്ല വിശപ്പുണ്ടായിരുന്നു. അവളും പാടത്ത് പറന്നെത്തി.

കൊക്ക് കൂട്ടത്തിലെ ഒരു കറുമ്പിക്ക് നേരെ തിരിഞ്ഞു കൊണ്ട് ചോദിച്ചു. "എന്തൊരു കറുപ്പാ കാക്കേ നിനക്ക്. നിന്റെ ദേഹത്ത് തൊട്ട് കണ്മഷി എഴുതിയാലോ. ഇതു കേട്ടതോടെ കൂടെയുള്ളവർ പൊട്ടിച്ചിരിച്ചു. കൂട്ടത്തിൽ ചിലർ അവളെ കൂടുതൽ കളിയാക്കി.അവൾക്ക് വല്ലാത്ത സങ്കടം ആയി. അവളുടെ കണ്ണുകൾ നിറഞ്ഞു. വീണ്ടും വീണ്ടും അവർ കളിയാക്കൽ തുടർന്നുകൊണ്ടിരുന്നു.

വയറുനിറഞ്ഞ കൊക്കുകൾ കൂട്ടത്തോടെ പറന്നു പോയി .അവർ പോയത് കണ്ണാടി പുഴയുടെ തീരത്തേക്കാണ്. കണ്ണാടിപ്പുഴയുടെ തീരത്തെ കിഴവൻ പ്ലാവാണ് അവരുടെ താവളം.അവർ കളിച്ചും ചിരിച്ചും സന്തോഷത്തിലും പൊങ്ങച്ചങ്ങൾ പറഞ്ഞു സമയം കളഞ്ഞു. രാത്രിയായി ഓരോരുത്തരും ഉറങ്ങാൻ തുടങ്ങി. സമയം പാതിരയോടടുത്തു. എല്ലാവരും കൂർക്കം വലിച്ചു ഉറങ്ങി.പെട്ടെന്ന് ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി ഇടിമിന്നാനും കാറ്റ് വീശാനും തുടങ്ങി.പൊടുന്നനെ എല്ലാം ശക്തിപ്രാപിച്ചു. മഴ കനത്തു. കാറ്റ് ആഞ്ഞു വീശി. ശക്തമായ ഇടിമിന്നി കൊണ്ടിരുന്നു. കനത്തമഴയിൽ കണ്ണാടി പുഴ കരകവിഞ്ഞു. ശക്തമായ കാറ്റിൽ കടപ്ലാവ് ആടിയുലഞ്ഞു. പൊടുന്നനേ കിഴവൻ പ്ലാവ് കടപുഴകി. കണ്ണാടി പുഴയിലേക്ക് മറിഞ്ഞു. കൂർക്കംവലിച്ചുറങ്ങുയായിരുന്ന കൊക്കുകൾ വിവരം അറിഞ്ഞതേയില്ല.

പെട്ടെന്ന് പുഴയിലേക്ക് വീണ കിഴവൻപ്ലാവിന്റെ ചില്ലകൾ ക്കിടയിൽ വെള്ളത്തിൽ അകപ്പെട്ട കൊക്കുകൾക്ക് പറക്കാൻ കഴിയാത്ത വിധം കുടുങ്ങി. കിഴവൻപ്ലാവിനു താഴെ കണ്ണാടി പുഴയിൽ താമസിച്ചിരുന്ന ഞണ്ട് അമ്മാവനും കുടുംബവും ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഞണ്ടമ്മാവൻ എല്ലാവരെയും വിളിച്ചു കൂട്ടി കൊക്കുകളെ രക്ഷിക്കാനുള്ള ശ്രമം തുടങ്ങി. അവർ സംഘം ചേർന്ന് ചില്ലകൾ നീക്കിയും തുഴഞ്ഞു ഒക്കെ കൊക്കുകളെ ഓരോരുത്തരായി രക്ഷിച്ചു .കാറ്റും മഴയും ശക്തി കുറഞ്ഞു. നേരം വെളുത്തു തുടങ്ങിയിരിക്കുന്നു. അവർ കണ്ണാടിപ്പുഴയുടെ തീരത്ത് കൂട്ടമായിരിക്കെ ഞണ്ടമ്മാവൻ ചോദിച്ചു. നിങ്ങൾ ഇന്നലെ ആ കറുമ്പികാക്കയെ എത്രയാണ് കളിയാക്കിയത്. അവൾ ഇന്നലെ എന്നോട് ഒരുപാട് സങ്കടം പറഞ്ഞു കരഞ്ഞു. ഇപ്പോൾ നിങ്ങൾക്ക് മനസിലായില്ലേ. നാം ഈ ഭൂമിയിൽ എത്ര നിസ്സാരൻ ആണെന്ന്. ആർക്കും അഹങ്കരിക്കാൻ ഒന്നും ഇല്ല എന്നും കൊക്കുകൾ കൂട്ടത്തോടെ തലകുലുക്കി. അവർ ദുഃഖത്താൽ തലകുനിച്ചു. അവർക്ക് സങ്കടമായി. കൂട്ടത്തിൽ ചിലർ പറഞ്ഞു ഞങ്ങൾക്ക് കറുമ്പ് കണ്ടു ക്ഷമ ചോദിക്കണം.

അവർ കൂട്ടത്തോടെ പാടവരമ്പത്തെ ചക്കരമാവിൻ അടുത്തേക്കു പറന്നു. അവിടെ ഒറ്റയ്ക്ക് ഇരിക്കുകയായിരുന്ന കറുമ്പിയെ കണ്ടവർ ക്ഷമ ചോദിച്ചു. അങ്ങനെ കറുമ്പിയും വെള്ളകൊക്കുകളും കൂട്ടുകാരായി. അവർ പുഞ്ചപാടത്തെത്തി ഒന്നിച്ച് നെന്മണികൾ തിരഞ്ഞു.

സജ്ന പി.റ്റി
9C

# കൊറോണവൈറസ്

മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗമുണ്ടാക്കുന്ന ഒരു കൂട്ടംവൈറസുകളാണ് കൊറോണ വൈറസ്.നിഡോവൈറലസ് എന്ന നിരയിൽ കൊറോണവൈറിഡി കുടുംബത്തിലെ ഓർത്തോകോറോണവൈറിനി എന്ന ഉപകുടുംബത്തിലെ വൈറസുകളാണ് കൊറോണ വൈറസുകൾ.ബ്രോങ്കൈറ്റിസ് ബാധിച്ചപക്ഷികളിൽനിന്നും 1937-ൽ ആണ് ആദ്യമായി കൊറോണ വൈറസ് തിരിച്ചറിഞ്ഞത്.ഇത്തരം വൈറസുകൾ മൃഗങ്ങളിൽനിന്നും മനുഷ്യനിലേക്ക് പകരുന്നവയാണ്.

രോഗലക്ഷണങ്ങൾ

കൊറോണവൈറസ് ശരീരത്തിൽ പ്രവേശിച്ചാൽ 14 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കാണും.ഈ 14 ദിവസമാണ് ഇൻക്യുബേഷൻ പിരിയഡ് എന്നറിയപ്പെടുന്നു.വൈറസ് പ്രവർത്തിച്ച് തുടങ്ങിയാൽ രണ്ടോ നാലോ ദിവസം വരെ പനിയും ജലദോഷവും ഉണ്ടാവും . തുമ്മൽ, ചുമ, ജലദോഷം, ക്ഷീണം എന്നിവയും ഉണ്ടാകും.

വൈറസ് വ്യാപിക്കുന്നത്

ശരീര ശ്രവങ്ങളിൽനിന്നാണ് രോഗം പടരുന്നത്.തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായിൽനിന്നു പുറത്തേക്ക് തെറിക്കുന്ന സ്രവങ്ങളുടെ തുള്ളിയിൽ വൈറസുകൾ ഉണ്ടായിരിക്കും.വായും

മൂക്കും മൂടാതെ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ഇവ വായുവിലേക്ക്പടരുകയും അടുത്തുള്ളവരിലേക്ക് വൈറസുകൾ എത്തുകയും ചെയ്യും.വൈറസുകൾ സാന്നിധ്യമുള്ളയാളെ സ്പർശിക്കുമ്പോഴോ അയാൾക്ക് ഹസ്തദാനം നൽകുകയോചെയ്യുമ്പോഴും രോഗം മറ്റൊരാളിലേക്ക് പടരാം.

വൈറസ് ബാധിച്ച ഒരാൾ തൊട്ടവസ്തുക്കളിൽ വൈറസ് സാന്നിധ്യം ഉണ്ടാവാം.ആ വസ്തുക്കൾ മറ്റൊരാൾ സ്പർശിച്ച്പിന്നീട് ആ കൈകൾകൊണ്ട് മൂക്കിലോ കണ്ണിലോ മറ്റോതൊടരുത്.

## ചികിത്സ

കൊറോണ വൈറസിന് കൃത്യമായ ചികിത്സയില്ല.രോഗം തിരിച്ചറിഞ്ഞാൽ രോഗിയെ മറ്റുള്ളവരിൽനിന്ന് മാറ്റി ഐസോലേറ്റ് ചെയ്യാണ് ചികിത്സ നൽകേണ്ടത്.രോഗിക്ക് വിശ്രമം അത്യാവശ്യമാണ്.ശരീരത്തിൽ ജലാംശം നിലനിർത്താനായി ധാരാളം വെള്ളം കുടിക്കണം.



# പ്രകൃതി

അല്ലയോ പ്രകൃതി...
നീ എത്ര മനോഹരി...
നീ കാണുന്നില്ലയോ..
നിന്റെ സൗന്ദര്യത്തെ

തലയുയർത്തി നിൽക്കുന്ന മരങ്ങളും...
പച്ചപുതച്ച വയലുകളും...
കവിഞ്ഞൊഴുകുന്ന പുഴകളും...
പതിയെ തഴുകുന്ന ഇളംകാറ്റും...
എല്ലാം നിറഞ്ഞ നീ...
അത്രമേൽ ധന്യം...

മിന്നുന്ന പൊന്നു നീ...
തെളിയുന്ന കണ്ണു നീ...
വാടാതെ വീഴാതെ...
നിനക്കെന്നും താങ്ങായി...
നിൽക്കുന്നു ഞാൻ...

കൊഴിയുന്ന ഇലകൾക്കും...
വാടുന്ന പൂക്കൾക്കും...
പകരമായി കാണുന്ന...
നിൻ രമണീയം...
നിൻ ഗ്രാമ സൗന്ദര്യം...
എത്ര രമ്യം...
തൻ പുഷ്പമായി ഞാൻ...
പുൽകുന്നു നിന്നെ ഞാൻ...
സ്നേഹാദരങ്ങളാൽ മുൻപിലെന്നും...

സാദരം...സാദരം...
പ്രകൃതിക്ക് വന്ദനം.



# എന്റെ അമ്മ

സ്നേഹമായി നിറയുമെൻ മനസ്സിൽ
എൻ ദൈവമാണെന്റെമ്മ
സന്ധ്യയിൽ തെളിക്കും വിളക്കുപോലെ
പരിശുദ്ധമായ വിൺമങ്ക.

ചേലുറ്റ സ്നേഹത്തിൻ തിരിപ്പോലെ
കാന്തിയായി ജ്വലിക്കുന്ന ദീപമായ്
ദാഹമകറ്റും ജലം പോലെ
ശുദ്ധമായ ജലമായ്.

ചേതന പോലവേ കാക്കുന്നൊരമ്മതൻ
സമൃദ്ധിയായി വിളങ്ങും എൻ മനസ്സിൽ
സ്നേഹമായി നിറയുമെൻ മനസ്സിൽ
എൻ സ്നേഹമായി എന്നമ്മ.

മധുരം തുടിക്കുന്ന തേൻകനിയായ്
തേൻ നുകരുന്ന വണ്ടുകളായ്
അംബികയാവുന്ന വിഭ്രുതിയായ്
പരിശുദ്ധമായൊരു വിൺമങ്ക.

അമൃത.റ്റി
9C

## communication

Here are euphemisms that can make your communication polite.

Instead of an ' old man,' say an elderly 'or' a senior citizen.

Instead of saying , it was bad, 'just say' it wasn't good enough.

Instead 'she is pregnant', it's nice to say, 'she is in the family way'.

Instead of 'poor people Say 'less priveleged'.

Instead ' he is blind',use he is visually impaised'.

Instead 'going to the toilet', say answer a call of Nature.

Instead of 'people were killed in accidents', use 'casualties or 'less of laws'.

Instead of 'he was dismissed', say laid off.

Instead of 'euthanise' say put down.

Instead second - 'hand car', say a-pre owned car.

Instead of garbage collector', say 'sanitation worker.

Instead of saying ‘ she is unemployed’,say she is between jobs.

Instead of death sentence; ‘say capital punishment’.

Instead of; ‘salary,’ say ‘remunaration’.

Instead of ‘sick’ say indispeced.

Instead of saying,’ I want….. ‘, use i would take… ‘I wan’t is not very polite.’

MISBA FATHIMA

9C




എത്ര രമ്യം

അഫീഫ എം.എസ്. 8 b



## മരണത്തിന്റെ വഴിവക്കിൽ


ഒറ്റ നിമിഷത്തിലായ് വന്നതോ മധുരമാം
ചിന്തകളൊരായിരം നെഞ്ചിലായ് പതിഞ്ഞത്...
പിഞ്ചുകിടാങ്ങളെല്ലാം ഒന്നിച്ചെന്നരികിൽ വന്നോ-
മനകളിയെല്ലാം ഒന്നിച്ചു കളിച്ചതും..
അവർക്കു തണലായും കൂടെക്കളിക്കാലനാ-
യെന്നുമെന്നുമായ് കൂടെ ഉണ്ടായിരുന്നതും ഞാൻ....
നിദ്രയിൽ മയങ്ങാതെ വാനത്തിൽ കണ്ണും നട്ട്
താരത്തെ എണ്ണികൊണ്ടായ് ആടിയുല്ലസിച്ചതും...
ഒന്നൊന്നും ചൊല്ലിടാതെ എന്നെന്നും നിരീക്ഷിച്ച
ചന്ദ്രന്റെ ബിംബത്തെയും ഒന്നിച്ചായ് ഓർമവന്നു...
ഒരു നിമിഷത്തോടെ വന്ന ഈ ചിന്തയെല്ലാം
ഒറ്റ നിമിഷം കൊണ്ട് ഒന്നായി ഇല്ലാതായി....
കൂടിനിന്നാളുകൾ തൻ കയ്യിലെ മഴുവെടുത്തിട്ടെന്നെ
വെട്ടിയപ്പോൾ നൊന്തെന്റെ ശരീരവും....
ഒറ്റ നിമിഷത്തിന്റെ മുന്നിലെ ചിന്തയെല്ലാം
മരണത്തിന്റെ മുൻപിൽ വന്ന ചില ഓർമകൾ.....
താങ്ങായും തണലായും നിന്നിരുന്നതായെന്നെ
എന്തു കുറ്റത്തിനായി വെട്ടി നുറുക്കിയിട്ടു....?
നിലതെറ്റി വീണഞാൻ മധുരമൂറും സ്വപ്നം
ഒന്നു കൂടികാണുവാൻ മനം നൊന്തു പ്രാർത്ഥിച്ചു
അവസാനശ്വാസം പോയെന്നുടെ ശരീരവും
ദേഹവും മനസ്സുമാം , ചത്തു പോയെൻ ജീവിതം

-ശ്രീനന്ദന.കെ.എം
8A

# എൻ അമ്മ

വേദന സഹിച്ചു പത്തുമാസം എന്നെ
ചുമന്ന എൻ അമ്മ.
എന്നെ വളർത്തി വലുതാകാൻ വേദന
സഹിച്ച എൻ അമ്മ.
പിച്ചവെച്ചനാൾ മുതൽ താങ്ങും തണലുമായ്
എൻ അമ്മ.
ഓരോ വാക്കിലും നോക്കിലും സ്നേഹം
പകർന്നു എൻ അമ്മ.
എൻ ജീവനെ സംരക്ഷിക്കാൻ ധീരതയോടെ നിലകൊള്ളുന്ന
ഒത്തിരി ഒത്തിരി ഇഷ്ടമാണെനിക്ക്.
എൻ അമ്മയെ എൻ ഓമൽ അമ്മയെ..............

ജെസ്സ.പി.ജെയിംസ്
9B



## കർഷകനും വളർത്തുനായിക്കളും

ഒരു കൃഷിക്കാരൻ കൃഷി നശിച്ച് പട്ടിണിയായപ്പോൾ തന്റെ പ്രിയപ്പെട്ട കന്നുക്കാലികളെ രണ്ടിനേയും കൊന്ന് ഭക്ഷണമാക്കി. കാലാവസ്ഥ പിന്നെയും മോശമായപ്പോൾ അടുത്തതായി അയാൾ കൈ വെച്ചത് തനിക്കു മുട്ടകൾ നല്-കുന്ന കോഴികളായിരുന്നു . അവയും അങ്ങനെ അവസാനിച്ചു. ഇപ്രകാരം കർ-ഷകൻ തനിക്ക് സേവനങ്ങൾ ചെയ്തുവന്ന മിക്കജീവികളുടെയും ജീവൻ അപഹരിച്ചു.

അത്രയുമായപ്പോൾ വീട്ടിലെ കാവൽക്കാരായ നായകൾക്ക് ഭയമായി . അവർ പരസ്പരം പറഞ്ഞു. "നമ്മുടെ യജമാനൻ വളരെ ക്രൂരനാണ് അദ്ദേഹം എല്ലാവരേയും കൊല്ലുന്നു നമ്മേയും വെറുതെ വിടുമെന്ന് തോന്നുന്നില്ല നമുക്ക് ഇവിടെ നിന്ന് രക്ഷപ്പെടാം".

നായ്ക്കൾ ഇരുവരും ദൂരെ ഒരിടത്തേക്ക് ഓടി രക്ഷപ്പെട്ടു. ഈ അവസരം കൊള്ളക്കാർക്ക് ഗുണകരമായി കർഷൻ കൊള്ളക്കരുടെ ആക്രമണത്തിന് വിദയനായി മരണമടഞ്ഞു.

**ഗുണപാഠം;** ദൈന്യനയിലും സഹാനുഭൂതി ആവശ്യമാണ് നാം നമ്മുടെ ആവശ്യരോട് വാന്സല്യമുള്ളവരായിരിക്കണം.

വിസ്മയ എൻ
൭ A

# ആഫ്രിക്ക

എങ്ങും മനുഷ്യനു ചങ്ങല കൈകളി-
ലങ്ങെൻ കയ്യുകൾ നൊന്തീടുകയാ-
ണെങ്ങോ മർദ്ദനമവിടെ പ്രഹരം
വീഴുവതെൻെറ പുറത്താകുന്നു.

എങ്ങെഴുന്നേൽപ്പാൻവിടയും മാനുഷ-
നവിടെ ജ്ജീവിച്ചീടുന്നു ഞാ-
നിന്നാഫ്രിക്കയെൻനാടവളുടെ
ദുഃഖത്താലേ ഞാൻ കരയുന്നു.

ആൻസി റെജി
8B

# നഷ്ടപ്പെടാത്ത സ്വത്ത്

മഹാനായ സൂഫി സംഗീതജ്ഞനായിരുന്ന അമീർ ഖുസ്റു.ഒരിക്കൽ മരച്ചുവട്ടിലിരുന്ന്അമീർഖുസ്റുസിതാർവായിക്കുകയായിരുന്നു.മനോഹരമായ സംഗീതം കേൾക്കാൻ ആളുകൾ തടിച്ചുകൂടി.വലിയൊരു പണക്കാരന്റെ മാളികയുടെ അടുത്തായിരുന്നു അമീർ ഖുസ്റുവിന്റെ ഈ സംഗീതക്കച്ചേരി.

അൽപം കഴിഞ്ഞപ്പോൾ,അഹങ്കാരിയായ ആ പണക്കാരന്റെ കാവൽക്കാർ അമീർ ഖുസ്റുവിനോടു പറഞ്ഞു;നിങ്ങളുടെ ഈ ശബ്ദം മുതലാളിക്ക്ശല്യമാകുന്നു.മര്യാദയ്ക്ക് പാട്ടുനിർത്തി സ്ഥലം വിട്ടോളൂ......! അമീർ ഖുസ്റുവാകട്ടെ,അതു കേൾക്കാത്ത ഭാവത്തിൽ സിതാർ വായന തുടരുന്നു.ദേഷ്യം വന്ന കാവൽക്കാർ സിതാർ പിടിച്ചുവാങ്ങി കൊണ്ടുപോയി.പക്ഷേ,അമീർ ഖുസ്രു അപ്പോഴും ശാന്തനായിരുന്നതേയുള്ളൂ.

ഇതു കണ്ട ചിലർ അമീർ ഖുസ്രുവിനോട് ചോദിച്ചു; "സുൽത്താൻ പോലും ബഹുമാനിക്കുന്ന മഹാനായ സംഗീതജ്ഞനാണ് അങ്ങ്.എന്നിട്ടും എന്താണ് അങ്ങ്പരാതിപ്പെടാത്തത്?". അമീർ ഖുസ്രു പുഞ്ചിരിയോടെ മറുപടിപറഞ്ഞു."എന്തിനു പരാതിപ്പെടണം? അവർ കാരണം എനിക്ക് ഒരു നഷ്ടവും ഉണ്ടായില്ലല്ലോ. സിതാർ അല്ലേ അവർ കൊണ്ടുപൊയുള്ളൂ ? അത് വായിക്കാനുള്ള കഴിവ് എന്റെയുള്ളിൽത്തന്നെ ഭദ്രമായുണ്ട്. ആ അറിവില്ലാതെ സിതാർ കൊണ്ട് അവർക്ക് എന്തു പ്രയോജനം".

ജസല.എം
9C

# വീടുകൾ

എവിടെയുമെനിക്കൊരു വീടുണ്ട്;ഞാനു-
മെഴുതി മുഴുമിക്കാത്ത കവിതയും;കാണുവാ-
നുഴറുന്ന നല്ല മനുഷ്യരും,അവരൊത്തു-
നുകരാൻ കൊതിക്കുന്ന വാഴ്വിന്റെ ലഹരിയും

പകയുറ്റ നോട്ടവും,പതിരറ്റമൊഴികളും
പരുഷതയെ സുസ്നിഗ്ധമാക്കിടും സ്പർശവും
അപരന്റെ ദാഹത്തിനെന്റേതിനേക്കാളു-
മധികമാം കരുതലും കരുണയും കുടിപാർക്കും

മൊരുവീടെനിക്കുണ്ടതിൻ കൊച്ചുതിണ്ണമേൽ
വെറുതേയിരുന്നു പാടുന്നു ഞാൻ-വിഹ്വല-
നിമിഷങ്ങളേ,നിങ്ങളീ വീടൊഴിയുക!
നിറവാർന്ന വേനലാഹ്ലാദമേ,പോരിക.

ആൻസി റെജി
8B



# പണക്കിഴി കട്ടത് ആര്

വ്യാപാരിയായ ബാലേന്ദുവിന് ആ കൊല്ലം പതിവിലേറെ ലാഭം കിട്ടി. കള്ളന്മാരുടെ ശല്യം വർദ്ധിച്ച സമയമായിരുന്നതിനാൽ വീട്ടിൽ സൂക്ഷിച്ചാൽ പണം നഷ്ടപ്പെടും എന്ന് തീർച്ച. കഷ്ടപ്പെട്ടുണ്ടാക്കിയ പണം സൂക്ഷിക്കാൻ ബാലേന്ദു ഒരു ഉപായം കണ്ടു.കാട്ടിൽ എവിടെയെങ്കിലും സൂക്ഷിച്ചു വയ്ക്കുക!.

അങ്ങനെ കാട്ടിലെത്തി ഒരു വലിയ മരപ്പൊത്തിൽ പണക്കിഴി വെച്ച് ബാലേ- ന്ദു മടങ്ങി. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അയാൾക്ക് പണത്തിന് ആവശ്യം വന്നു. കാട്ടിലെത്തി മരപ്പൊത്തിൽ നോക്കിയപ്പോൾ ശൂന്യം! പണം നഷ്ടപ്പെട്ടിരിക്കുന്നു! അയാൾ സങ്കടത്തോടെ വീട്ടിലേക്ക് മടങ്ങി. തന്റെ ചങ്ങാതിയായ കുഞ്ഞാപ്പുവിനോട് ബാലേന്ദു കാര്യം പറഞ്ഞു.പണക്കിഴിയെ- ടുത്തവനെ പിടികൂടുന്ന കാര്യം ഞാനേറ്റു കുഞ്ഞാപ്പു ചങ്ങാതിക്ക് ഉറപ്പുനൽകി.

അങ്ങനെ കുഞ്ഞാപ്പ ഒരു രാക്ഷസന്റെ മുഖംമൂടി കൊണ്ടുവന്നു. അത് മുഖത്ത് വെച്ചാൽ രാത്രികാലങ്ങളിൽ പുറത്തിറങ്ങി നടക്കാൻ തുടങ്ങിയ. മുഖംമൂടി പുറമേ, കറുത്തിരുണ്ട നീളൻ തുണി ശരീരമാസകലം വാരിച്ചുറ്റി കൈവിരലുകളിൽ ചുവന്ന ചായം തേച്ച കണ്ടവർ കണ്ടവർ വിളിച്ചുപറഞ്ഞു "ജീവൻ വേണേൽ വീട്ടിലേക്കോടിക്കോളിൻ.ഗ്രാമത്തിൽ ഭൂതം ഇറങ്ങിയേ..." അവരുണ്ടോ അറിയുന്നു ഭൂതം കുഞ്ഞാപ്പു ആണെന്ന് പിറ്റേദിവസം ഇതുതന്നെ ആവർത്തിച്ചു ഗ്രാമത്തിൽ ഭോധം ഇറങ്ങുന്ന വാർത്ത കാട്ടുതീ പോലെ പടർന്നു.

പിറ്റേന്ന്, മറ്റൊരു വിദ്യ കൂടി കുഞ്ഞാപ്പു ഒപ്പിച്ചു. ഒരു സന്യാസിയുടെ വേഷത്തിൽ കവലയിൽ ചെന്നിരുന്നു "ഞാൻ മഹാമാന്ത്രികനാണ് നാട്ടുകാരെ.... എനിക്കറിയാത്ത മായാജാലങ്ങളില്ല...."കേൾക്കേണ്ട താമസം

ഗ്രാമീണരെല്ലാംചുറ്റും കൂടി. "രണ്ടുമൂന്നു ദിവസമായി ഒരു ഭയങ്കരൻ ഭൂതം ഗ്രാമത്തിൽ രാത്രികാലങ്ങളിൽ ഇറങ്ങുന്നുണ്ട് .ആ ഭൂതത്തിന്റെ ശല്യമോഴിവാക്കിത്തരാനുള്ള വിദ്യ പറഞ്ഞു തരൂ....".

ഇതുകേട്ടപ്പോൾ കുഞ്ഞാപ്പുവിനെ ഉള്ളിൽ ചിരിയാണ് വന്നത് ചിരി പുറത്തുകാട്ടാതെ സന്ന്യാസി ഗൗരവത്തിൽ പറഞ്ഞു."ഓഹോ,അതാണല്ലേ പ്രശ്നം? പേടിക്കേണ്ട. ഒരു വഴിയുണ്ട് ഗ്രാമാതിർത്തിയിലെ കാട്ടിൽ താമസിച്ചിരുന്ന ആ ഭൂതം ഒരു മര ത്തിൽ കുറേ പണം സൂക്ഷിച്ചു വച്ചിരുന്നു.ഈ ഗ്രാമത്തിലെ ആരോ ആ പണം എടുത്തിട്ടുണ്ട് . അവനെ പിടികൂടാൻ ആണ് ഭൂതം ഇറങ്ങിയിരിക്കുന്നത്. ഏതായാലും ഭൂതത്തിന് ആളെ പിടി കിട്ടിയിട്ടുണ്ട് മറ്റന്നാൾ രാത്രി അവൻ അകത്താക്കാൻ ആണ് ബോധത്തിന് തീരുമാനം. അതിനാൽ, പണസഞ്ചി എടുത്ത് ആരായാലും അത് ഉടനെ മരപ്പൊത്തിൽ തിരിച്ചു വയ്ക്കുന്നതാണ് നല്ലത്.."

ഇത്രയും കേട്ടതോടെ നാട്ടുകാർക്ക് ആശ്വാസമായി പണക്കിഴി കള്ളനെ മാത്രമല്ല ഭൂതം പിടികൂടുകയുള്ളൂ ? അവർ വീടുകളിലേക്ക് മടങ്ങി. പണകിഴി തട്ടിയെടുത്ത പെരും കള്ളൻ കൊച്ചാപ്പി പേടിച്ചു വിറച്ചു.പണക്കിഴി തിരികെ കൊണ്ടു വച്ചില്ലെങ്കിൽ താൻ ഭൂതത്തിന് ആഹാരമാകും.

പണം പോയാലും വേണ്ടില്ല തടി രക്ഷപ്പെട്ടാൽ മതിയായിരുന്നു എന്നായി കൊച്ചാപ്പിക്ക്. പിറ്റേന്നുതന്നെ അവൻ പണക്കിഴിയുമായി കാട്ടിലെത്തി എന്നിട്ട് ചുറ്റുപാടും നോക്കിക്കൊണ്ട് മരത്തിൽ കയറി പണക്കിഴി മരപ്പൊത്തിൽ വച്ച് താഴേക്കിറങ്ങി ഒറ്റയോട്ടം.

പൊന്തക്കാട്ടിൽ ഒളിച്ചിരുന്ന് കുഞ്ഞാപ്പു ഇതെല്ലാം കാണുന്നുണ്ടായിരുന്നു. കൊച്ചാപ്പി സ്ഥലം വിട്ട് എന്നുറപ്പായപ്പോൾ കുഞ്ഞാപ്പു മരത്തിൽ കയറി പൊത്തിൽ നിന്ന് പണസഞ്ചിയെടുത്ത് നാട്ടിലെത്തി. സുഹൃത്തായ ബാലേ- ന്ദുവിനെഏൽപ്പിച്ചു.

അഞ്ജി മേലേടത്ത്

ദിൽഷ ദിലീപ്
9A

# ജനനീ....

സ്നേഹത്തിൻ അധിപതിയാം അമ്മേ.....
എൻ ജീവന്റെ  ആധരമാം
ജീവന്റെ ഉള്ളിലെ ജീവനായി വളരും
ഈ  കാലാമെത്രയും എന്റെക്കൂടെ
ദിവസവും ഞങ്ങൾക്കുവേണ്ടി
പ്രാർഥിച്ചു  കരുതുമെന്നമ്മേ.........
എൻ ജീവനാണെൻ അമ്മ..........
മറക്കില്ല  ഞാൻ എന്റെ
ജീവനൊടുങ്ങും വരേ......
എൻ ജീവനൊടുങ്ങും വരേ...........

**നമിത. റ്റി. എസ്**
**9B**



Najiya 8 d

# മായാത്ത പ്രകാശം

അവളുടെ മനസ്സിൽ നിറയെ ചിന്തകളുമായാണ് സ്ക്കൂളിൽ നിന്നും വീട്ടിലേക്കു വന്നത്. പതിവില്ലാത്ത ആലോചന അവളെ വല്ലാതെ തളർത്തിയിരുന്നു. അമ്മൂമ്മ അവളോട് കാര്യം അന്വേഷിച്ചു. പക്ഷെ, അതിനുള്ള മറുപടി ഒന്നും ഉരിയാടാതെ അവൾ അകത്തേക്ക് കയറിപ്പോയി.

അവളുടെ പേര് മാളു. അമ്മൂമ്മയുടെ മാളൂട്ടി. എല്ലാവർക്കും വളരെ ഇഷ്ടമാണ്. രണ്ടു വയസ്സായ സമയത്താണ് അവളുടെ മനസ്സിന്റെ വെളിച്ചമണഞ്ഞുപോയത്. അവളുടെ അമ്മ ഈ ലോകത്തുനിന്ന് യാത്രയായത്. ഇന്നഅവളുടെ ആലോചനയിലെ ഉള്ളടക്കവും ഇതുതന്നെയായിരുന്നു. ഈ ആലോചന മാളൂട്ടിയുടെ മനസ്സിൽ സങ്കടത്തിന്റെ വലിയൊരു ആഴക്കടൽ സൃഷ്ടിച്ചിരുന്നു. അത് അമ്മൂമ്മയ്ക്ക് മനസ്സിലാക്കുകയും ചെയ്തു.

ആരും മാളൂട്ടിയെ ദു:ഖിപ്പിക്കാറില്ല. അവളുടെ ദുഃഖം അമ്മൂമ്മക്കും അപ്പൂപ്പനും അസഹനീയമായിരുന്നു. പക്ഷേ, ഇന്നവൾ ഇത്തരത്തിൽ ചിന്തിക്കാൻ ഒരു കാരണമുണ്ടായിരുന്നു.ഇന്ന് മാതൃദിനമായിരുന്നു. സ്ക്കൂളിൽ എല്ലാവരും അമ്മമാരുടെ കൈകളിൽ തൂങ്ങി ആണ് വന്നത് .അമ്മയില്ലാത്ത മാളൂട്ടിയെ അധ്യാപകർ എല്ലാം സമാശ്വസിപ്പിക്കുകയും കൂട്ടുകാരുടെ അമ്മമാർ മാളൂട്ടിയെ സ്നേഹത്തോടെ പെരുമാറുകയും ചെയ്തു..


സ്ക്കൂൾ വിട്ടു വന്നാലുടൻ മാളൂട്ടി മഞ്ജുവിന്റെ വീട്ടിലേക്ക് കളിക്കാൻ പോകുന്നതാണ് പതിവ് ഇന്ന് മഞ്ജു വീട്ടിൽ വന്ന് വിളിച്ചിട്ടും അവൾ പോയില്ല.

അമ്മൂമ്മക്ക് കാര്യം മനസ്സിലായി.അമ്മൂമ്മ മാളൂട്ടിയുടെ അടുത്തിരുന്ന് അവളുടെ തല തടവി.അതിൽ നിന്നവൾക്ക് കിട്ടിയ ഉന്മേഷത്തോടെ അവൾ അമ്മൂമ്മയോട് ചോദിച്ചു:അമ്മൂമ്മേ എന്റെ അമ്മയെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നോ?. അമ്മൂമ്മ ചിന്തയിലാണ്ടുകൊണ്ട് മ് എന്ന് മൂളുക മാത്രം ചെയ്തു. "അപ്പോ ആരുടെ മുഖച്ഛായ അമ്മയ്ക്ക് ഉള്ളത്". മാളൂട്ടി തിടുക്കത്തിൽ ചോദിച്ചു.ആ ചോദ്യം അമ്മൂമ്മയുടെ കണ്ണുകൾ നിറച്ചു. പക്ഷേ ദു:ഖം പുറത്തുകാണിക്കാതെ അമ്മൂമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു. "മോളെ നിന്റെ മുഖം എങ്ങനെയാണോ അതുപോലെ-ഉള്ളതായിരുന്നു മാളൂട്ടിയുടെ അമ്മയും നിന്റെ മുഖത്ത് എന്നും പ്രകാശിക്കുന്ന അമ്മയുണ്ട്". ഇത് പറഞ്ഞു കുറച്ചു നിമിഷം ആലോചിച്ചശേഷം അമ്മൂമ്മ പറഞ്ഞു നിന്റെ അമ്മ നഷ്ടപ്പെട്ടത് നിനക്ക് മാത്രമല്ല മോളെ.... ഈ ഭൂമിയിലെ പലർക്കും ആണ്. അതെന്താ അങ്ങനെ പറയുന്നത്? എന്റെ അമ്മ എങ്ങനെ എല്ലാവർക്കും നഷ്ടപ്പെടുന്നത്? മാളൂട്ടി ഇത്തിരി ആകാംക്ഷയോടെ ചോദിച്ചു.നിന്റെ അമ്മ ചെറുപ്പം മുതൽക്കേ വളരെ സ്നേഹമതിയായിരുന്നു. അവൾക്ക് പഠിച്ച് ഒരു ഡോക്ടർ ആകണമെന്നായിരുന്നു ആഗ്രഹം. എന്നാൽ ജീവിതത്തിന്റെ കഷ്ടപ്പാടിൽ കഴിഞ്ഞ ഈ കുടുംബത്തിൽ നിന്നും പണം ലഭിക്കാതിരുന്ന സമയത്താണ് അവൾ എന്നോടും അപ്പൂപ്പനോടും ഇപ്രകാരം പറഞ്ഞത്. എനിക്ക് പഠിക്കാൻ പണം ഇല്ലെങ്കിൽ വേണ്ട എനിക്ക് സേവനം ചെയ്യുന്നതിനാണ് ഇഷ്ടം. അതിനുവേണ്ടി എത്രപേർ കഴിഞ്ഞിട്ടുണ്ടാകും.പിറ്റേന്ന് തന്നെ അവൾ തന്റെ ബാഗിൽ നിറയെ മരുന്നും ഭക്ഷണവും കയ്യിലും ആയി അവൾ പോയി.എന്നും രാത്രി വൈകി വരുന്ന അവളുടെ അച്ഛൻ ഉപദേശിക്കാറുണ്ടായിരുന്നു. നിനക്കിനി ഇത് തുടരാൻ കഴിയില്ല നീ ക്ഷീണിതയാണ് അപ്പോൾ

പറഞ്ഞു . എത്രയോ കാലങ്ങളായി ഒരു ചികിത്സയും ഭക്ഷണവും ലഭിക്കാതെ കഴിയുന്ന ആളുകളെക്കാൾ ക്ഷീണിതയാണോ ഞാൻ. അങ്ങനെ അവൾ രോഗിയായാണ് അവസാനം വീട്ടിലെത്തിയത്. ആശുപത്രിയിൽ കാണിച്ചപ്പോൾ ഡോക്ടർക്ക് അത് എങ്ങനെപറയണം എന്നറിയാതെ ബുദ്ധിമുട്ടി.

പിറ്റേ ദിവസമാണ് അവൾ മരണപ്പെട്ടത്. അതിനുശേഷം ഞാൻ അവൾ ചികിത്സിച്ചവരെ കാണാൻ വേണ്ടി പോകാറുണ്ടായിരുന്നു. അവളുടെ വാർത്ത അറിഞ്ഞ അവർ എന്തെന്നില്ലാത്ത ദുഃഖത്തിൽ പൊട്ടിക്കരഞ്ഞു .അതാണ് നിന്റെ അമ്മ ഇപ്പോൾ അവിടെ പോയാൽ നിനക്ക് കാണാം അമ്മയുടെ അണയാത്ത പ്രതീകം അവരിൽ.

ഫാത്തിമ സന എൻ എ




Athil rashik 9 b

# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ
കൂട്ടു തേടിയണഞ്ഞൊരു
കുഞ്ഞാറ്റകിളി....
കാറ്റിനോട്ടു കഥ മെനഞ്ഞും
കടലിനോട്ടു കളി പറഞ്ഞും
കാടായ കാടെല്ലാം, മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളിക്കുട്ടിലെന്നെ
കുളിരണിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ

നന്ദന രാജൻ
൧൮

# ഭൂമി എന്ന മാതാവ്


പ്ലാസ്റ്റിക് ഈ ഭൂമിയെ എങ്ങനെ ഉപദ്രവിക്കും എന്ന് നിങ്ങൾക്ക് അറിയണോ ഇതാ നിങ്ങൾക്ക് വേണ്ടി നമ്മുടെ നാടിനുവേണ്ടി.

പണ്ട് പൂക്കാവനം എന്ന ഗ്രാമമുണ്ടായിരുന്നു അവിടെ താമസിച്ച വരായിരുന്നു രാമുവും രവിയും ഇവർ രണ്ടുപേരും സഹോദരന്മാരാണ്. ആ ഗ്രാമത്തിലെ ഏറ്റവും നല്ല സഹോദരന്മാർ. ഇവർ രണ്ടുപേരുടേയും ആഗ്രഹമായിരുന്നു സിറ്റിയിലേക്ക് ഒരു ടൂർ. അങ്ങനെ അവർ ടൂർ പോയി. നാല് മണിക്കൂറിനു ശേഷമാണ് സിറ്റിയിലെത്തിയത് .വളരെ ദൂരെയാണ് സിറ്റി. സിറ്റി ഒരു പ്ലാസ്റ്റിക് സിറ്റി ആയി മാറിയിരുന്നു ഇത് കണ്ട് രവി ചോദിച്ചു. ചേട്ടാ പ്ലാസ്റ്റിക് നിനക്ക് അറിയില്ലേ. എന്നാൽ നീ കേട്ടോ. സ്വയം ഒരു ഉപകാരം ഇല്ലെന്ന് അറിയാം എന്നാലും അതു തന്നെ എല്ലാവരും ഉപയോഗിക്കും എന്നിട്ട് അവസാനം നമുക്ക് തന്നെ തിരിച്ചടിയാകും എന്നുവച്ചാൽ താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും.

വർഷങ്ങൾക്കു ശേഷം രവിക്ക് ഒരു ജോലി കിട്ടി. പ്ലാസ്റ്റിക് ഫാക്ടറിയിലെ മാനേജറായി നല്ല വിദ്യാഭ്യാസമുണ്ട്. ഈ ജോലിക്ക് രാമു എതിർത്തു ഇക്കാരണത്താൽ അവർ പിണങ്ങി. രാമു പറഞ്ഞു രവി നീ ഭൂമിയോട് കളിക്കരുത്. ഭൂമിക്ക് ഇഷ്ടമില്ല പ്ലാസ്റ്റിക് കളി. രവി കേട്ടില്ല അവസാനം പ്ലാസ്റ്റിക് പൊതിഞ്ഞ ഭക്ഷണം മാത്രം കഴിക്കും എന്ന് വാശിയായി. വാശി മൂത്തപ്പോൾ കാൻസറുമായി അവനവന്റെ പഴയകാലവും രാമുനെയും രാമുന്റെ വാക്കുകളെയും ഓർത്തു. കാൻസർ കരളിനെ ബാധിച്ചിരിക്കുന്നു. ഓരോ കാര്യം ആലോചിച്ചപ്പോൾ പെട്ടെന്ന് അവൻ ഞെട്ടി ഒരു സെക്കൻഡ് കൊണ്ട് ബിപി അടിച്ചുകയറി .അവസാനശ്വാസത്തിൽ അവൻ പറഞ്ഞു .ഭൂമിയേ...... നീയാണ് മാതാവ്.അങ്ങനെ ആ ഫാക്ടറി പൂട്ടി. അവിടെയുള്ള MBBS കുട്ടികൾ ജോലി ചെയ്തിരുന്നവരോട് ചോദിച്ചു... "മരിച്ചു.മണ്ണടിയുന്ന മനുഷ്യന് എന്തിനാണ് മരണമില്ലാത്ത പ്ലാസ്റ്റിക് ".

lubaba

8D



Farsana mol 9 e

## പാടാനറിയാത്ത കുയിലും ആടാനറിയാത്ത മയിലും കൂവാൻ അറിയാത്ത പൂവൻ കോഴിയും

പാടാനറിയാത്ത കുയിലും പാടാനറിയാത്ത മയിലും കൂവാൻ അറിയാത്ത പൂവൻകോഴിയും ഉറ്റ കൂട്ടുകാരായിരുന്നു. എല്ലാ പക്ഷികളും ഇവർ മൂന്നുപേരേയും കളിയാക്കുമായിരുന്നു.പാടാനും അറിയില്ല, ആടാനും അറിയില്ല,കൂവാനും അറിയില്ല എന്ന് പറഞ്ഞു കൊണ്ടെല്ലാം. എന്നിട്ട് അവർ കാട്ടിലെ പക്ഷികളുടെയും മൃഗങ്ങളുടെയും ശല്യം കാരണം നാട്ടിലേക്ക് പോകാൻ തീരുമാനിച്ചു.അവർ മൂന്നുപേരും രാത്രിയിൽ കാട്ടിലേക്ക് പോകാൻ നടന്നുകൊണ്ടിരുന്നു. നടന്നു നടന്നു അവർ നാട്ടിലെത്തി. അവർ മൂന്നുപേരും ഒരു വീടിന് മുകളിൽ കയറിയിരുന്നു. അപ്പോൾ അതുവഴി ഒരു കള്ളൻ പോകുന്നതായി കണ്ടു.കൂവാൻ അറിയാത്ത പൂവൻകോഴിയെ കുറെ ശ്രമിച്ചപ്പോൾ പൂവൻകോഴി കൂവി. എല്ലാവരും കൂടി രാത്രിയിൽ എന്താണ് കൂവുന്നത് എന്ന് കരുതി എല്ലാ ജനങ്ങളും പുറത്തേക്കിറങ്ങി നോക്കിയപ്പോൾ രണ്ടു കള്ളന്മാർ അതുവഴി പോകുന്നത് കണ്ടു. എല്ലാവരും കൂടി കള്ളനെ പരുവത്തിലാക്കി. പൂവൻകോഴി കൂവുന്ന കണ്ട് മയിൽ കുറെ ശ്രമിച്ചതിനെ തുടർന്ന് പീലിവിരിച്ച് ആടാൻ തുടങ്ങി. അതുപോലെതന്നെ പാടാനറിയാത്ത കുയിൽ പാടുവാൻ തുടങ്ങി.ജനങ്ങൾ കള്ളന്മാരെ മൂന്നുപേരേം പിടിച്ചു കൊടുത്തു. അവർ മൂന്നു പേർക്കും അവർ നന്ദി പറഞ്ഞു. അവർ അന്ന് രാവിലെ തന്നെ കാട്ടിലേക്ക് തിരിച്ചു പോയി. കളിയാക്കിയ എല്ലാ പക്ഷികളും പാടാനറിയാത്ത കുയിൽ പാടുന്നത് കണ്ടു. ആടാൻ അറിയാത്ത മയിൽ നൃത്തം ആടുന്നത് കണ്ടു.കൂവാൻ അറിയാത്ത പൂവൻകോഴി കൂവുന്നത് കണ്ടു അവിടെ നിന്ന് എല്ലാ പക്ഷികളുംകളും തലതാഴ്ത്തി നിന്നു.

### ഗുണപാഠം

**"പരിശ്രമിച്ചാൽ വിജയം നേടാം ഒരുനാൾ ദൈവം എല്ലാം കാണുകയും അതിനുള്ള തിരിച്ചടി കൊടുക്കുകയും ചെയ്യും."**

# ഇരുളിൽ തിളങ്ങിയ വെളിച്ചം

അമ്മേ.. ഞാൻ ക്ഷീണിച്ചു... അമ്മയെ.. ഞാനൊന്നു കിടക്കട്ടെ..

അയ്യോ മോളെ നീ എന്നെ അല്പം നേരം കൂടി സഹായിക്കാം. ഞാൻ അല്ലെങ്കിൽ നേരത്തെ കിടന്നുറങ്ങാൻ നോക്കട്ടെ. എത്ര ദിവസമായി ഞാൻ കഷ്ടപ്പെടുന്ന ഒരു ബന്ധവുമില്ല എന്ന് നോക്കണം നോക്കണം നടന്നുകൊണ്ട് നടത്തണം വയ്യാത്ത അമ്മയെയും അച്ഛനെയും കൊണ്ട് നടക്കണം. മോള് കിടക്കുന്ന തുണിയും കൂടെ കഴുകി പോയി പഠിക്ക് ബാക്കിയുള്ള വലിയ വളരെയേറെ സങ്കടത്തിൽ കഷ്ടപ്പാടാണ്. അവളുടെ അമ്മയും. ലിയാ വളരെയേറെ സങ്കടത്തിലും കഷ്ടപ്പാടിൽ ആണ്.

ഇനി അവളുടെ ദരണത്തിന് എന്ത് ചെയ്യും എന്ന് ആലോചിക്കാൻ പോലും വയ്യ അവൾ അമ്മയെ സഹായിച്ച അല്ലെങ്കിൽ അന്നത്തെ ദിനം കഷ്ടം തന്നെ കാരണം വെറും ചോറും കൂട്ടാനും മാത്രം പോരാ തുണയാകണം വൃത്തിയാക്കണം പശുക്കളെ കഴുകണം എന്നിങ്ങനെ ഒരു വീട്ടിൽ സകല പണിയും ലേക്കാണ് അവൾ പഠിക്കാൻ മിടുക്കി ആണ് നല്ല സ്വഭാവം ഉള്ള കുട്ടിയും എന്നാൽ അമ്മയുടെ തീരാത്ത കഷ്ടപ്പാടും അവളുടെ സങ്കടവും കാരണം അവൾ ആകെ ശോഷിച്ചു എങ്കിലും അവളുടെ പഠനത്തിൽ അവൾ യാതൊരു വിട്ടുവീഴ്ചയും കാട്ടിയില്ല നന്നായി പഠിക്കും അതുകൊണ്ടുതന്നെ അധ്യാപകർ, അവൾ വലിയ വീട്ടിലെ കുട്ടി ആണെന്ന് കരുതി ശ്രദ്ധിച്ചില്ല അങ്ങനെ അവൾ പത്താം ക്ലാസ് പഠിക്കുന്ന സമയത്ത് അവളുടെ ശൈലിയിൽ മാറ്റം വരുന്നത് അധ്യാപക ശ്രദ്ധിച്ചു അവൾ പല ദിവസം സ്ക്കൂളിൽ എത്തിയിട്ടില്ല എന്ന് അവളുടെ അമ്മയോട് അധ്യാപകർ വിളിച്ചു പറഞ്ഞു അതുകൊണ്ട് തന്നെ അവളുടെ അമ്മ അവളോട് നീ എവിടെ പോകുകയാണ് എന്നെ പറ്റിച്ചു എന്നൊക്കെ

പറഞ്ഞു അവൾ യാതൊരു മറുപടിയും കിട്ടിയില്ലെങ്കിൽ വല്ലവരുടെയും കൂടെ പോയാൽ ഉണ്ടല്ലോ എന്ന് പറഞ്ഞ് അവളെ തല്ലും.ചടങ്ങായിരുന്നു. എന്തെന്ന് വെച്ചാൽ മുഖ്യമന്ത്രിയും എംഎൽഎയും എല്ലാവരുമുണ്ടായിരുന്നു സദസ്സ് തുടങ്ങിയത് മുതൽ എല്ലാവരും അവളെ അനുമോദിച്ചു. സദസ്സിലെ എല്ലാവർക്കും അവളെ അനുമോദിക്കാൻ തിര അനുവദിക്കാതിരിക്കാൻ ആവില്ലായിരുന്നു. കാരണം ആ സ്കൂളിൽ പഠിച്ചു വളർന്ന ഒരു വ്യക്തിയായിരുന്നു മുഖ്യമന്ത്രി അദ്ദേഹം പഠിച്ചത് മുതൽ ഇതുവരെ ആയിട്ടും സ്കൂളിലെ ഒരു വിദ്യാർത്ഥിക്കും ഫുൾ എപ്ലസ് ലഭിച്ചിട്ടില്ല. പല ഉന്നത പദവി ലഭിച്ചിട്ടുണ്ടെങ്കിലും ചരിത്രത്തിൽ ഫുൾ എപ്ലസ് ലഭിച്ച ഒരു കുട്ടിയായിരുന്നു അങ്ങനെ നിമിഷങ്ങൾ കടന്നു പോയി അടുത്തതായി അവളുടെ കൂടെ മറ്റ് അധ്യാപകർ അവളോട് അവരുടെ അനുഭവങ്ങൾ പങ്കിടാൻ ആവശ്യപ്പെട്ടു അവൾ മൈക്കിന് അടുത്തെത്തി എന്ന് പറയാൻ ആരംഭിച്ചു... ഞാൻ സ്കൂളിൽ വരാതിരുന്നത് എന്നോട് അധ്യാപകർ ക്ഷമിക്കണം എന്റെ വീട്ടിലെ പ്രതിസന്ധികൾ കൊണ്ട് ഞാൻ എന്ന ഗ്രാമത്തിലെ ഒരു പട്ടണത്തിൽ പോയി ഒരു വലിയ വീട്ടിൽ ജോലിക്ക് നിൽക്കുകയായിരുന്നു എന്തെന്ന് വെച്ചാൽ എന്റെ തുടർപഠനത്തിന് ഞാൻ അവിടെ നിൽക്കുമ്പോൾ നമുക്ക് എല്ലാവർക്കും അറിയുന്ന വിവേകിനെ ഞാനൊരു നല്ല പുതുജീവൻ നൽകി അവൻ ഇപ്പോൾ ഒന്നുമില്ല ഒരു രോഗവും അവൻ പത്താം ക്ലാസിലെ പരീക്ഷ എഴുതാൻ വന്നത് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടു അവൻ ജയിച്ചിട്ടുണ്ട് കാരണം ഞാൻ പാഠപുസ്തകങ്ങൾ മുഴുവനും പഠിപ്പിച്ചുകൊടുത്തു അത്യാവശ്യം അവൻ പഠിച്ചു അങ്ങനെ അവന്റെ അമ്മ എന്നോട് അവന്റെ തുടർപഠനത്തിന് എന്ത് തുടർപഠനത്തിനും വീട്ടിലേക്ക് കാര്യങ്ങൾക്കും സഹായിക്കാം എന്ന് വാക്ക് തന്നു എന്നിട്ട് എന്റെ അമ്മയും എന്നെ വിട്ടേച്ചു പോയ അച്ഛനെ അന്വേഷിച്ചു ഞാൻ അച്ഛനോട് എല്ലാ കാര്യവും പറഞ്ഞു കൊടുത്തു ഇനി മുതൽ എന്റെ അമ്മയുടെ ആശ്രയമില്ലാത്ത ഞാൻ ജീവിക്കും എന്നെയും എന്റെ അച്ഛനും അമ്മയും തിരിച്ചു വിളിക്കും എന്ന് ഞാൻ ചോദിച്ചു.

ഇങ്ങനെ സങ്കടത്തോടെ ജനങ്ങൾക്ക് അഭിമുഖമായി നൽകിയ പൊട്ടിക്കരഞ്ഞു സദസ്സ് ഏതോ ഒരു കോണിൽ നിന്ന് അവളുടെ അമ്മ അടുത്തേക്ക് വന്നു എന്നിട്ട് അവൾ കരഞ്ഞു അച്ഛനും വേദിയിലെത്തി ആ ഇപ്പോൾ ലീ ആരാണെന്ന് വച്ചാൽ അവളാണ് അഞ്ജലിയുടെ കലക്ടറും ഒരു കോളേജിലെ പ്രൊഫസറും വേഗം നല്ലൊരു ഡോക്ടറും ഇന്ന് അഭിമുഖീകരിക്കുന്ന വേദനയിൽ അവൾ ഇങ്ങനെ പറയും. സങ്കടമാണ് നമ്മെ നാമാക്കുന്നത് സന്തോഷങ്ങൾ അല്ല.



Abhinav cm 8 b

**നിർമൽവർമ**

**1929-2005**

ഇന്ത്യയിലെ നവീന കഥാപ്രസ സ്ഥാനത്തിൽ തുടക്കമിട്ട അവർ പ്രമുഖനും ഞാനപീഠ ജ്ഞേതാവും ഹിമാചൽപ്രദേശിലെ ഷിംലയിൽ ജനിച്ചു കഥ പ്രസ്ഥാനത്തിൽ നാഴികക്കല്ലായി എണ്ണപ്പെടുന്ന പാരിന്ദേ ആണ് ആദ്യ കൃതി. അന്തിമ ആരണ്യ, റിപ്പോർട്ടുകൾ, ലാൽ കിൻ ചാട്ട തുടങ്ങിയ പ്രസിദ്ധ നോവലുകൾ

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് 1999 സമഗ്രസംഭാവനയ്ക്കുള്ള ജ്ഞാനപീഠ പുരസ്കാരം കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്

**കെപിഎസി സുലോചന**

1938-2005

നാടക-ചലച്ചിത്ര നടിയും ഗായികയും. മാവേലിക്കരയിലെ ജനിച്ചു പ്രേം നസീർ അഭിനയിച്ച അധ്യാപികയാണ് ആദ്യനാടകം കെപിഎസിയുടെ ആദ്യ നാടകമായ എന്റെ മകനാണ് ശരി, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി. അശ്വമേധം തുടങ്ങിയ പ്രസിദ്ധ നാടകങ്ങളാണ്. കാലം മാറുന്നു കൃഷ്ണകുചേല എന്നീ ചലച്ചിത്രങ്ങളിൽ അഭിനയിച്ചു..... വെള്ളാരം കുന്നിലെ.. പൊന്നരിവാളമ്പിളി.... വള്ളിക്കുടിലിൻ ഉള്ളിലിരിക്കും.., ചെപ്പു കിലുക്കണ ചങ്ങാതി..., അമ്പിളി അമ്മാവാ.., തലയ്ക്കുമീതേ ശൂന്യാകാശം.., ചാഞ്ചാട്ടുണ്ണി ചരിഞ്ഞാട് ഉണ്ണി..., തുടങ്ങിയ നാടകഗാനങ്ങളും, തുമ്പപ്പൂ പെയ്യുന്ന പൂനിലാവേ..., ആ മലർ പൊയ്കയിൽ... തുടങ്ങിയ സിനിമാഗാനങ്ങളും ഹിറ്റുകളാണ്. മികച്ച നടിക്കുള്ള അവാർഡ് 1975. സംഗീത നാടക അക്കാദമി അവാർഡ്, സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാർ അവാർഡ് 1999, തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇന്ദ്രജിത്ത് ടിഎസ്

**പോസ്റ്റർ**

മാലിന്യം

മാലിന്യങ്ങൾ എവിടെയും ഇടരുത്
അത് ജീവന് ആപത്ത്
ഓർക്കുക
ഒരുപക്ഷേ
അത് നമ്മെ കൊന്നിരിക്കും
ചിന്തിച്ചു വളരുക..

ഹരിപ്രിയ ആർ. .കെ

# പരിസ്ഥിതിമലിനീകരണം

മനുഷ്യനും പരിസ്ഥിതിക്കും അപകടകാരികളായ വസ്തുക്കൾ സ്വതന്ത്രമാക്കുന്ന തന്നെയാണ് മലിനീകരണം എന്നു പറയുന്നത് പരിസ്ഥിതിമലിനീകരണം എന്ന മനുഷ്യൻ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മലിനീകരണത്തെ തന്നെ 7000 തിരിക്കാം ഇവയെല്ലാംതന്നെ പ്രകൃതിയിലെ സർവ്വ ജീവജാലങ്ങൾക്കും ദോഷകരമാണ്. ഇന്ന് സമൂഹത്തിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് തന്നെയാണ് മലിനീകരണം വ്യവസായവൽക്കരണവും നഗരവൽക്കരണവും ആധുനിക ജീവിതത്തിന് അനുഗ്രഹം ആകുമ്പോൾ അതിന്റെ ഉപയോഗങ്ങൾ മനുഷ്യനെയും മറ്റു സസ്യജാലങ്ങളുടെയും നിലനിൽപ്പിന് ഭീഷണിയാവുന്നു വ്യത്യസ്ത സ്ഥലങ്ങളിൽ മനുഷ്യൻ അവന്റെ നിത്യ ജീവിതത്തിലെ ഭാഗമായി ഇടപെടുന്നതായി കാണാം ഇത്തരം പ്രവർത്തികളുടെ അനന്തര ഫലമെന്നോണം ഏറ്റക്കുറച്ചിലുകൾ സംഭവിക്കുകയും ചെയ്യുന്നു.

വായു ജലം മണ്ണ് പ്രകാശം തുടങ്ങി പരിസ്ഥിതിയുടെ എല്ലാ ഘടകങ്ങളും കാല ദേശ ഭേദമന്യേ മലിനമാക്കപ്പെടുന്ന ഉണ്ട്. ജൈവ മണ്ഡലത്തെ മുഴുവൻ വിശാൽ ഇപ്പം ആക്കുന്ന മലിനീകരണം പ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിനും ജീവന്റെ സ്വാഭാവിക നിലനിൽപ്പിനും ഭംഗം വരുത്തി കൊണ്ടിരിക്കുന്നു... ജനസംഖ്യാ വർദ്ധനവും നഗരവൽക്കരണം പാർപ്പിടങ്ങളുടെ ആവശ്യകത വർധിപ്പിക്കുന്നത് നിസ്സാർക്കമാണ്. പാർപ്പിടങ്ങൾ റോഡുകൾ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയ്ക്ക് വയലുകൾ നികത്തി നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് നിലനിന്നിരുന്ന പ്രദേശങ്ങളിലെ ആവാസവ്യവസ്ഥ സാരമായി ബാധിച്ചു.

ഒരു പ്രദേശത്തെ ജലവിഭവം എന്ന് പറയുന്നത് ആ പ്രദേശത്തെ വയലുകളിലും നീർത്തടങ്ങളും കെട്ടിക്കിടക്കുന്ന വെള്ളം ആണ് ഈ വെള്ളമാണ് മുകളിലൂടെ മനുഷ്യർ ഉപയോഗിക്കുന്നത് വയലുകൾ നികത്തുന്നതിന് കാരണമാകുന്നു മാത്രം കാണുന്ന ചെറിയ ജീവജാലങ്ങളും നീർത്തടങ്ങൾ തേടിവരുന്ന ദേശാടനപക്ഷികളും അപ്രത്യക്ഷമാകുന്നു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്ക സാധ്യത വർധിക്കാനും വയൽനികത്തൽ കാരണമാവുകയാണ്.

നമ്മുടെ നാടിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ പരിസ്ഥിതിയിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഒന്നായിരുന്നു കാവുകൾ. വലിയ വൃക്ഷങ്ങളും അപൂർവ സസ്യങ്ങളും ധാരാളമായി വളരുന്നവയാണ് ജൈവവൈവിധ്യങ്ങളുടെ കലവറയായി ഇവ കരുതപ്പെടുന്നു ഇത്തരം കാവുകളുടെ നാശം ആ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ദോഷകരമായി ബാധിച്ചു കഴിഞ്ഞു. വെള്ളത്തിലൂടെ പ്രകൃതിയിൽ സംരക്ഷിക്കപ്പെടുന്ന സസ്യജന്യ വൈവിധ്യമാണ് നഷ്ടമാകുന്നത്.

മനുഷ്യന്റെ വീണ്ടുവിചാരമില്ലാത്ത വികസന പ്രവർത്തനങ്ങൾ വ്യാപകമായ മലിനീകരണത്തിന് കാരണമാകുന്നുണ്ട്. വായു മലിനീകരണം നമ്മുടെ നാട് നേരിടുന്ന വലിയ പ്രശ്നമാണ് നിശ്വസിക്കാൻ പോലും ശുദ്ധവായു ലഭിക്കാത്ത അവസ്ഥയിലേക്കാണ് നമ്മുടെ യാത്ര. വായു മലിനീകരണത്തിന് ഇടയാക്കുന്ന ഒരു സംഭവമാണ് വനനശീകരണം.

ഒരു പ്രദേശത്തെ ഭാഗമായിരിക്കണം ജനങ്ങളുടെ പങ്ക് സുപ്രധാനമാണ്. വായു മലിനീകരണത്തിന് ഭാഗമായി ഉണ്ടാകുന്ന ഭീകരമായ പാരിസ്ഥിതിക പ്രശ്നം ആണ് ആഗോളതാപനം ഇതുമൂലം അന്തരീക്ഷം ചൂട് പിടിക്കുകയും അന്തരീക്ഷ താപനില ഉയരുകയും ചെയ്യുന്നു.

ആഗോളതാപനത്തിന് മറ്റൊരു ഇരയാണ് റഷ്യ സൈബീരിയ തടാകങ്ങൾ വായു മലിനീകരണം കൊണ്ട് ഉണ്ടാകുന്ന മറ്റൊരു പാരിസ്ഥിതിക പ്രശ്നം ആണ് അമ്ലമഴ. വായു മലിനീകരണത്തിൽ വാഹനങ്ങളുടെ പങ്കു വളരെ ഗുരുതരമാണ് പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് പാഴ് വസ്തുക്കളും കത്തിക്കുമ്പോൾ അവയിൽ നിന്നും പുറന്തള്ളുന്ന വാതകങ്ങളും പുകയും കാരണമാകുന്നു.

പരിസ്ഥിതി മലിനീകരണത്തിന് മറ്റൊരു കാരണമാണ് മലിനീകരണം കത്തുമ്പോൾ ഉണ്ടാകുന്ന കാർബൺ മോണോക്സൈഡ്. മേൽക്കൂരയിൽ നിന്നും അടുക്കളയിൽ നിന്നും പുറത്തുവരുന്ന രാസാംസംകലർന്ന വാതകം എന്നിവയെല്ലാം കാർഷിക മലിനീകരണത്തിന് കാരണമാകുന്നു.

ജലമലിനീകരണം ഗുരുതരമായ പ്രശ്നമാണ് വ്യാപകമായ വനനശീകരണം ഒഴുകിപ്പോകുന്ന ജലത്തിന്റെ അളവ് വർധിപ്പിക്കുകയും സംഭരണ നിരക്ക് കുറയ്ക്കുകയും ചെയ്യുന്നു കൃഷിയിടങ്ങളിൽ രാസവളങ്ങൾ ഉപയോഗിക്കുന്നതുമൂലം മഴവെള്ളത്തോടൊപ്പം രാസവസ്തുക്കൾ ജലസ്രോതസ്സുകൾ എത്തിച്ചേർന്നത് ജല മലിനീകരണത്തിന്

കാരണമാകുന്നു വ്യവസായവൽക്കരണത്തിന് ഭാഗമായി മനുഷ്യൻ കെട്ടിപ്പൊക്കിയ സംസ്കരണശാല,വളംനിർമ്മാണശാലകൾ കീടനാശിനി നിർമാണ സ്ഥലങ്ങളിൽ സംസ്കരണ ശാലകൾ തുടങ്ങിയവയിൽ നിന്നും ഉൽപ്പാദന പ്രക്രിയയുടെ ഫലമായി ജീവൻ ഹാനികരമായ വാതകങ്ങളും മറ്റു മാലിന്യങ്ങളും ജലസ്രോതസ്സുകളിൽ മറ്റും പുറന്തള്ളുന്നത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നു. പുഴ, തോട് അരുവി കെട്ടിനിൽക്കുന്ന വെള്ളം, കുളം ,ജലസ്രോതസ്സുകളിൽ ആളുകൾ ഇന്ധന വാഹനങ്ങൾ കുളിപ്പിക്കുന്നത് ജല മലിനീകരണത്തിന് കാരണമാകുന്നു

അതുപോലെകന്നുകാലികളെ കുളിപ്പിക്കുന്നതും ജലാശയങ്ങളിൽ നിന്നാണ്. ജവ മലിനീകരണത്തിന് കാരണമാകുന്നു. ചില ആളുകൾ പ്ലാസ്റ്റിക് വേസ്റ്റ്, മറ്റു വൃത്തിഹീനമായ പാനീയങ്ങൾ, മാലിന്യങ്ങൾ എന്നിവ ആശയങ്ങളിലും പുറന്തള്ളുന്നത്കൊണ്ട് വലിയ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാവുകയും ജലം മലിനമാക്കുകയും ചെയ്യുന്നു.

സെലീന.


Athira c.s
VIII-C

# കേൾക്കാത്തതിന്റെഗതി

പണ്ട് പണ്ട് ഒരു മനോഹരമായ ഗ്രാമമുണ്ടായിരുന്നു മനോഹരമാക്കിയത് മലകൾ ആയിരുന്നു ഗ്രാമത്തിൽ കൂടുതൽപേരും കർഷകരായിരുന്നു. അവിടെ ചിലർക്ക് മാത്രമേ കുറവെങ്കിലും വിദ്യാഭ്യാസം ഉണ്ടായിരുന്നുള്ളൂ. അതിൽ ഒരു കുടുംബമായിരുന്നു രാകേഷ്. രാകേഷിന്റെ ചങ്ങാതിയായിരുന്നു സുരേഷ്.

സുരേഷ് ഒരു കർഷക കുടുംബത്തിൽ ഉള്ളവനാണ്. രാകേഷ് പട്ടണത്തിൽ പോയി ആണ് ജോലി ചെയ്യുന്നത്. ഒരു ദിവസം രാകേഷ് ജോലിയുടെ ഭാഗമായി ഗ്രാമത്തിൽ വരികയും ഗ്രാമത്തിലെ ജനങ്ങളെ ഒരുമിച്ച് കൂട്ടി അവരോടു പറഞ്ഞു., നമുക്ക് നമ്മുടെ ഗ്രാമത്തിലെ വയലുകൾ നിരത്തി അവിടെ ഒരു ബിൽഡിംഗ് ഉണ്ടാക്കാം. ജനങ്ങൾക്ക് ഉയർച്ച വരുന്നു എന്ന് അറിഞ്ഞപ്പോൾ എല്ലാവർക്കും സന്തോഷമായി. അതുകൊണ്ട് അവൻ എല്ലാവരും അതിന് സമ്മതിച്ചു. സുരേഷിന് വലിയ താൽപര്യമുണ്ടായിരുന്നില്ല. അവൻ അതിനെ എതിർത്തു. നമ്മുടെ നാട്ടിൽ ഈ ബിൽഡിംഗ് വരുന്നത് നല്ലതല്ല നമുക്ക് വലിയ ദോഷവും വരുത്തും. അതുകൊണ്ട് ഇവിടെ നിർമ്മിക്കാത്തതാണ് നമ്മുടെ ഗ്രാമത്തിന് നല്ലത്. അപ്പോൾ സുരേഷിനോട് പറഞ്ഞു സുരേഷിന് അതിനെക്കുറിച്ച് ഒന്നും അറിയില്ല വിദ്യാഭ്യാസം ഒന്നുമില്ല അതുകേട്ടപ്പോൾ സങ്കടം ആയത് കൊണ്ട് അവൻ അവിടെ പോയി.

കെട്ടിടം നിർമ്മിച്ചു കുറച്ചു നാളുകൾക്ക് ശേഷം വലിയ മഴ പെയ്തു. അതൊരു തോരാത്ത മഴയായി തീർന്നു. വെള്ളവും മണ്ണും കല്ലും എല്ലാം ബിൽഡിംഗ് തകർത്തുകൊണ്ട് പാഞ്ഞു. ഗ്രാമത്തിലെ വീടുകൾ തകരുകയും ചെയ്തു. കുറെ ആളുകൾ മരണപ്പെട്ടു.

രാകേഷിന്റെ കുടുംബം മരണപ്പെട്ടിരുന്നു. പക്ഷേ അവൻ എങ്ങനെയൊ രക്ഷപ്പെട്ടു. മഴയില്ല എന്ന് അവിടെയെല്ലാം ശാന്തമായപ്പോൾ സുരേഷ് പറഞ്ഞു അങ്ങനെ ചെയ്യിരുന്നെങ്കിൽ ഇങ്ങനെ വരുമായിരുന്നോ ഇതാണ് പറയുന്നത് നാം ചെയ്യുത് നമുക്ക് തന്നെ തിരികെ ലഭിക്കും. പിന്നീട് രാകേഷ് ജോലി ഉപേക്ഷിച്ച് ഗ്രാമത്തിലെ കർഷകരെ സ്നേഹിച്ച് സുഖമായി ജീവിച്ചു.

# ചതിയന്കിട്ടിയവിധി

ഒരു കച്ചവടക്കാരന്റെ കൈവശം 100 പവൻ സ്വർണം ഉണ്ടായിരുന്നു. ഒരിക്കൽ അയാൾക്ക് ഒരു ദൂരയാത്ര പോകേണ്ടിവന്നു. യാത്രയ്ക്ക് മുമ്പായി തന്റെ സ്വർണം എല്ലാം ഒരു സുഹൃത്തിനെ ഏൽപ്പിച്ചു. മൂന്നാഴ്ച കഴിഞ്ഞ് മടങ്ങിയെത്തിയ കച്ചവടക്കാരൻ സുഹൃത്തിനോട് സ്വർണ്ണം തിരിച്ചു ചോദ്ച്ചു. സ്വർണം ഒക്കെ എലി തിന്നുപോയി എന്ന് സുഹൃത്ത് പറഞ്ഞു. അത് തട്ടിപ്പാണെന്ന് മനസ്സിലാക്കിയെങ്കിലും കച്ചവടക്കാരൻ തർക്കിക്കാൻ നിൽക്കാതെ മടങ്ങിപ്പോയി. സുഹൃത്തിന്റെ മകൻ കുളിക്കാൻ കുളത്തിലേക്ക് പോയപ്പോൾ കച്ചവടക്കാരൻ പിടിച്ചുകൊണ്ടുപോയി തന്റെ വീട്ടിൽ ഒരു മുറിയിലിട്ട് പൂട്ടി. മകനെ കാണാതായപ്പോൾ അന്വേഷണമായി. കച്ചവടക്കാരനാണ് തട്ടിക്കൊണ്ടുപോയത് മനസ്സിലാക്കിയപ്പോൾ സുഹൃത്ത് പരാതിയുമായി രാജ കൊട്ടാരത്തിലെത്തി. രാജാവ് കച്ചവടക്കാനെ വിളിച്ചുവരുത്തി ചോദ്യംചെയ്തു. തിരുമേനി അദ്ദേഹത്തിന്റെ മകനെ ഒരു പരുന്ത് റാഞ്ചി കൊണ്ടുപോകുന്നത് ഞാൻ കണ്ടതാണ് എന്ന് കച്ചവടക്കാരൻ പറഞ്ഞു. കുട്ടിക്ക് ഒന്നും സംഭവിക്കില്ല. ഈ നാട്ടിൽ കുട്ടികളെ റാഞ്ചിക്കൊണ്ടു പോകുന്ന പരുന്തുകൾ ഉണ്ട്. കച്ചവടക്കാരൻ അങ്ങനെ പറഞ്ഞത് കേട്ടപ്പോൾ അവർ കാര്യങ്ങൾ വിശദമായി ചോദിച്ചു മനസ്സിലാക്കി സ്വർണം കച്ചവടക്കാരൻ തിരിച്ചു കൊടുക്കാനും കുട്ടിയെ സുഹൃത്തിനെ ഏൽപ്പിക്കാൻ രാജാവ് കൽപിച്ചു,. ചതിയനായ സുഹൃത്തിനെ ജയിലിൽ അടക്കാനുംവിധിച്ചു.

ആൻസിറെഞ്ചി

8b



Shifna sherin 9 e

ഇബ്രാഹിംസുലൈമാൻസേട്ട്

1922- 2005

ബാംഗ്ലൂർ ജനിച്ചോ ഇന്ത്യൻ നാഷണൽ ലീഗ് ദേശീയ പ്രസിഡണ്ടായിരുന്ന സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി മൈസൂർ ഗവൺമെന്റ് കോളേജിൽ അദ്ധ്യാപകനായിരുന്നു പഠനകാലത്തുതന്നെ മുസ്ലിം സ്റ്റുഡൻസ് ഫെഡറേഷൻ പൊതു പ്രവർത്തനം തുടങ്ങി. 1967 കോഴിക്കോട് മണ്ഡലത്തിൽ നിന്നും ലോക്സഭയിലെത്തി അഞ്ചുതവണ മഞ്ചേരിയിൽ നിന്നും ഒരുതവണ പൊന്നാനിയിൽ നിന്നും ലോകസഭാംഗമായി. 1962 ഇൽ മുസ്ലിം ലീഗിന്റെ അഖിലേന്ത്യ സെക്രട്ടറിയായി. 1973 ദേശീയ പ്രസിഡണ്ടായി രണ്ടുപതിറ്റാണ്ട് തുടർന്നു. 1993 സേട്ട് മുസ്ലിം ലീഗ് വിടുകയും 1994 ഇന്റർ നാഷണൽ ലീഗ് സ്ഥാപിക്കുകയും ചെയ്തു. മരണംവരെ ആ പാർട്ടിയുടെ ദേശീയ അധ്യക്ഷൻ ആയിരുന്നു

PROFILE

Khalil Gibran

Khalil Gibran(1883-1931) was a Lebanese artist, poet and writer. His work *The prophet(1923)*, is an example of inspirational fiction including a series of philosophical essays written in poetic English
prose. This book has been translated into over 20 foreign languages. He is considered as the third most popular poet in history after Shakespeare and Laozi.

# First Showers

As I returned from my workplace
Cool drops kissed my parched face
Soon the first showers caught me unawares
An soaked me, soothing my frayed nerves
The weary lines did it promptly erase
Of day long heat and fatigue from my visage
Wet clothes clung to my body like an infant
To its mother's bosom;unsteady my gait
The dusty trees stood bathed in an instant
Dressed in washer green looked magnificent.
The scented earth resplendent in dampened glory
Sucked in dust giving respite to the travellers weary.
To thank the Rain God I looked up in the sky.
More drops drenched me on the sly
Marvelling at this wonderful gift of nature
I hurried home wading through the gurgling water.

Nalini Sharma

# PROFILE

Kamala Surayya


(1934-2009)

known by the names Madhavikutty and Kamala Das was a gifted billingual writer who could delight her readers with her inimitable style in both English and Malayalam. She is popular as a poet and short writer. She was the recipient of awards like *Ezhuthachan puraskaram* , *vayalar Award,etc.My story The old playhouse and Other poems, padmavati the Harlot and other stories, My Mother at sixty-six*, etc. are some of her works in English.

**ഒരു മല**

സുന്ദരമായ ഒരു ഗ്രാമം. അവിടെ ധാരാളം മരങ്ങളും പക്ഷിമൃ-
ഗാതിനികളും അവിടെ വസിച്ചിരുന്നു. ഇതിനെ എല്ലാം സു-
ന്ദരവാക്കാൻ ഒരു മലയും ഉണ്ടായിരുന്നു. ആ മല ഗ്രാമത്തി-ലെ
എല്ലവർക്കും പ്രിയപ്പെട്ടതയിരുന്നു. അവർ കന്നുകാലി-കളെ മേയ്
മലയെ ആസ്വദിച്ച് ഇരിക്കുമായിരുന്നു. തലമുറ
മാറി മാറി വന്നു, അങ്ങനെ ആ മലയെ ഓരോ കൊറികളാ-
ക്കി തിരിച്ചു. പാറകൽ പൊടിച്ചു.അതിനെ വല്ലാതെ വേദനിപ്പിച്ചു.
അങ്ങനെ ആ മല ദൈവത്തോട് പ്രാർത്ഥച്ചു.
ദൈവം ആ പ്രാർത്തന കേട്ടു. ശക്തമായ മഴ നൽക്കി. മല
ഉരുൾ പോട്ടി. അതിനെ വേദനിപ്പിച്ചവരെ അതിന്റെക്രൂടെ
കൊണ്ട് പോയി. കുട്ടത്തിൽ കന്നുകാലികളെയും പിഞ്ചു-
കുഞ്ഞുങ്ങളും കൊണ്ട് പോയി ആ ഗ്രാമം ആകെ നശിച്ചു.
ശേഷം പിന്നെ ആരും ഒരു മലയെയും വേദനിപ്പിച്ചിട്ടില്ല.

**ഗുണപാഠം: ഒരിക്കലും ആരേയും വേദനിപ്പിക്കരുത്. അവ-
രുടെ പ്രാർത്ഥന ദൈവം ഉടൻ കേൾകും**




Akhil s 8b

## കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും...
പെയ്ത്തൊഴിയൊഴിയുന്നില്ല
ഘനമേറെയാണുതാനും...
ആർത്തലച്ചു ചെയ്യണം
ലഘുവായ് വീണ്ടും
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ.

-നിഖില എം ജി

## PROFILE

Khalil Gibran(1883-1931)

was a Lebanese artist, poet and writer. His work *The prophet(1923)*, is an example of inspirational fiction including a series of philosophical essays written in poetic English prose. This book has been translated into over 20 foreign languages. He is considered as the third most popular poet in history after Shakespeare and Laozi.

# മദർ തെരേസ

അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി ഉപവിപ്രവർത്തനങ്ങളുടെ ലോകശ്രദ്ധ നേടിയ ക്രൈസ്തവ സന്യാസിനിയായിരുന്ന മദർ തെരേസ. മിഷണറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീസഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിച്ച് മദർ തെരേസയെ പ്രസ്തുത സേവന പ്രവർത്തനങ്ങളുടെ പേരിൽ 1979-ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരം നൽകപ്പെട്ടു.
2016 സെപ്റ്റം 4-ന് മദർ തെരേസയെ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു:"ജന്മം കൊണ്ട് അൽബേനിയനും, പൗരത്വം കൊണ്ട്ഇന്ത്യനും, ജീവിതം കൊണ്ട് കത്തോലിക്ക സന്യാസിനിയുമാണ് " താനെന്ന് മദർ തെരേസ പറയുമായിരുന്നു. ഇതുകൂടാതെ ലോകത്തിന്റെ ഭാഗങ്ങളിലുള്ള ചാരിറ്റി സംഘടനക-ളുടെ വിവിധ പുരസ്കാരങ്ങളും മദർ തെരേസക്ക് ലഭിച്ചിട്ടുണ്ട്.


67.
Sreeshma.A
IX.D

# പിതാവ്

മെയിൽ വിയർപ്പിന്റെ ഉപ്പ്
പിതാവിൽ തന്നെയുള്ള ഉപ്പ്
സുര്യന്റെ വെയിലിലും
രാത്രിയുടെ നെടുവിർപ്പുകളിൽ
പതറാതെ തളരാതെ
ആരും കാണതെ തുടച്ച് നീക്കി
ഭാരങ്ങൾ കിടപ്പുണ്ട് തലയിൽ
ഭാവിയോർത്ത് വളർത്തി മക്കളേ
ജ്ജിവിതത്തിന്റെ വഴികാട്ടി
ജ്ജിവിതം ആസ്വദിക്കാതെ,
എല്ലാം മനസ്സിലാക്കി കൊടുത്തു
തന്നെ മനസ്സിലാക്കാനനുവദിക്കാതെ.

-റുമാന സിൽമി ൯ b

# A EXECUTIVE MAN

An executive was travelling down a street and he was driving a bit too fast in his new jaguar car. Suddenly, a brick smashed into his car's door. Heslammed on the brakes and took a reverse to the spot where the brick had been thrown.The angry executive then jumped out of the car, caught hold of the kid and shouted, “That's a new car and that brick you threw is going to cost a lot of money. Why did you do it? “The boy was apologetic.

“please...I'm sorry but I didn't know what else to do, “he pleaded. “I threw the brick because no one else would stop....” . With tear dripping down his face, the boy pointed to a spot just around the parked car . “it's my brother, “he said. “He fell out of his wheelchair and I can't lift him up” . Now sobbing the boy asked the stunned executive, “would you please help me get him back into his wheelchair? He's hurt and he's too heavy for me”.

Moved beyond words, the executive hurriedly lifted the disabled boy back into the wheelchair and dabbed the wound with his handkerchief. “Thank you and may God bless you,”the grateful child told the stranger. The main simply watched the boy push his wheelchair-bound brother down the sidewalk towards their home.

The damage on the jaguar was very noticeable, but the executive never brother to repair the dented side door. He kept the dent there to remind him of the message "Don't go through life so fast that someone has to throw a brick at you to get your attention!"




Basila thesmi 9 b

# എഡിറ്റോറിയൽ ടീം



# നന്ദി